**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4427** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വിള ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | 22.03.2017ലെ സ.ഉ.(എം.എസ്) നം.37/2017/ കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാരതോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ സ.ഉ.(കൈ) നം.1192/2017/ കൃഷി തീയതി 13.12.2017 പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി, കൂവരക്) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. 27.10.2017ൽ സ.ഉ.(സാധാ) നം.1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ 28.12.2017ലെ സ.ഉ.(കൈ) നം.167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ അനുമതിയോടു കൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷി കൂടി ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12.12.2018 തീയതിയിലെ സ.ഉ.(സാധാ)നം.1198/2018/കൃഷി ഉത്തരവ് പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50%ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ ഇനം വിളകൾക്കാണ് പരിരക്ഷ ലഭ്യമാക്കുക എന്നും നഷ്ടപരിഹാരമായി എന്ത് തുക ലഭിക്കുമെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്ന വിളകളും അവയുടെ നഷ്ടപരിഹാരത്തുകയും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് സംവിധാനം എർപ്പെടുത്തുമോ? | (സി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 2020 നവംബർ മുതൽ കൃഷി വകുപ്പിന്റെ AIMS (Agriculture Information Management System) പോർട്ടൽ മുഖേന സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | വിളകൾ | നഷ്ടപരിഹാര തുക |
|---|---|---|
| 1 | തെങ്ങ് | തെങ്ങൊന്നിന് ₹ 2,000 |
| 2 | കമുക് | ഒരു മരത്തിന് ₹ 200 |
| 3 | റബ്ബർ | ഒരു മരത്തിന് ₹ 1,000 |
| 4 | കശുമാവ് | ഒരു മരത്തിന് ₹ 750 |
| 5 | വാഴ<br>(എ) ഏത്തൻ, കപ്പ<br>(ബി) ഞാലിപ്പൂവൻ<br>(സി) മറ്റിനങ്ങൾ | (എ) കുലയ്ക്കാത്തതിന് ₹ 150<br>(ബി) കുലയ്ക്കാത്തതിന് ₹ 100<br>(സി) കുലയ്ക്കാത്തതിന് ₹ 50<br>(എ) കുലച്ചതിന് ₹ 300<br>(ബി) കുലച്ചതിന് ₹ 200<br>(സി) കുലച്ചതിന് ₹ 75 |
| 6 | മരച്ചീനി | ഹെക്ടർ ഒന്നിന് ₹ 10,000 |
| 7 | കൈതച്ചക്ക | ഹെക്ടർ ഒന്നിന് ₹ 50,000 |
| 8 | കുരുമുളക് | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ₹ 200 വീതം |
| 9 | ഏലം | ഹെക്ടർ ഒന്നിന് ₹ 60,000 |
| 10 | ഇഞ്ചി | ഹെക്ടർ ഒന്നിന് ₹ 80,000 |
| 11 | മഞ്ഞൾ | ഹെക്ടർ ഒന്നിന് ₹ 60,000 |
| 12 | കാപ്പി | ഒരു മരത്തിന് ₹ 350 |
| 13 | തേയില | ഹെക്ടർ ഒന്നിന് ₹ 70,000<br>ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകുന്നതാണ് |
| 14 | കൊക്കോ | ഒരു മരത്തിന് ₹ 300 |
| 15 | നിലക്കടല | ഹെക്ടർ ഒന്നിന് ₹ 12,000 |
| 16 | എള്ള് | ഹെക്ടർ ഒന്നിന് ₹ 12,500 |
| 17 | പച്ചക്കറി<br>(പന്തലുള്ളവയും, പന്തലില്ലാത്തവയും) | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 25,000<br>പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 40,000 |
| 18 | ജാതി | ₹ 3,000 ഒരു മരത്തിന് |
| 19 | ഗ്രാമ്പൂ | ₹ 1,000 ഒരു മരത്തിന് |
| 20 | വെറ്റില | സെന്റൊന്നിന് ₹ 1,000 |
| 21 | പയർ വർഗ്ഗങ്ങൾ | ഹെക്ടറിന് ₹ 10,000 |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ<br>(ചേന, മധുരക്കിഴങ്ങ്) | ചേന ഹെക്ടറിന് ₹ 35,000.<br>മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് ₹ 15,000 |
| 23 | കരിമ്പ് | ഹെക്ടറൊന്നിന് ₹ 50,000 |
| 24 | പുകയില | ഹെക്ടറൊന്നിന് ₹ 20,000 |

Scanned with CamScanner

| | | |
|---|---|---|
| ) | നെല്ല് | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 15,000<br>45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 35,000<br>കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| 26 | ചെറുധാന്യങ്ങൾ (കൂവരക്, ചാമ, തിന, വരഗ്, പനി വരഗ്, കുതിരവാലി മുതലായവ) | വിതച്ച് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 10,000<br>45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 25,000 |
| 27 | മാവ് | 10 വർഷം വരെ പ്രായമുള്ളതിന് - ഒരു മരത്തിന് ₹ 1,000<br>10 വർഷത്തിനുമേൽ പ്രായമുള്ളതിന് - 1 മരത്തിന് ₹ 2,000 |

**സെക്ഷൻ ഓഫീസർ**

Scanned with CamScanner